പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 234

02/03/2020 ൽ മറുപടി നല്കേണ്ടത്.

## പാറശ്ശാല നിയോജകമണ്ഡലത്തിലെ പദ്ധതികൾ.

ചോദ്യം

**ശ്രീ.സി.കെ. ഹരീന്ദ്രൻ**

ഉത്തരം

**കെ.കെ. ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വനിത-ശിശുവികസനവും വകുപ്പ് മന്ത്രി)

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ ഈ സർക്കാരിൻെറ കാലയളവിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോന്നിനായി വകയിരുത്തിയ തുക എത്രയാണെന്നും അറിയിക്കാമോ;

(എ) ഈ സർക്കാരിന്റെ കാലയളവിൽ ബജറ്റിൽ ഉൾപ്പെടുത്തി പാറശ്ശാല ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ മെറ്റേണിറ്റി യൂണിറ്റിനുവേണ്ടി 1,65,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി 2,20,00,000/- രൂപ അനുവദിക്കുകയും പണി നടന്നു വരികയുമാണ്. ആരോഗ്യ വകുപ്പ് പ്ലാൻ ഫണ്ട് മുഖാന്തിരം 16,50,000/-രൂപ ചെലവിൽ പുതിയ മെഡിക്കൽ റെക്കാർഡ്സ് ലൈബ്രറി കെട്ടിടം പുനർനിർമ്മിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതി പ്രകാരം ഒരു കോടി രൂപ ചെലവിൽ ഡയാലിസിസ് യൂണിറ്റ് പണിയുകയും ദിവസേന 12 പേർക്ക് രണ്ട് ഷിഫ്റ്റായി ഡയാലിസിസ് ചെയ്യുന്നുമുണ്ട്. നാളിതുവരെ 4843 പേർക്ക് ഡയാലിസിസ് ചെയ്തിട്ടുണ്ട്. കിഫ്ബി മാസ്റ്റർ പ്ലാൻ പ്രകാരം 46,86,78,960/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

<u>ആർദ്രം</u> -പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.

| ക്രമ നം. | സ്ഥാപനങ്ങൾ | തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പി.എച്ച്.സി. പുഴനാട് | 14,47,826 | പൂർത്തീകരിച്ചു. |
| 2 | പി.എച്ച്.സി. അമ്പൂരി | 23,26,737 | പൂർത്തീകരിച്ചു. |
| 3 | പി.എച്ച്.സി. കുന്നത്തുകാൽ | 57,78,567 | പൂർത്തീകരിച്ചു. |
| 4 | പി.എച്ച്.സി.കൊല്ലയിൽ | 23,57,910 | പുരോഗമിക്കുന്നു. |
| 5 | പി.എച്ച്.സി. കള്ളിക്കാട് ന്യൂ | 34,30,213 | പുരോഗമിക്കുന്നു |
| 6 | പി.എച്ച്.സി ചെമ്പൂർ | 14,00,000 | ആരംഭിച്ചിട്ടില്ല. |

പാറശ്ശാല താലൂക്കാശുപത്രിയിൽ മാലിന്യസംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്ന് 1,96,00,000/- രൂപ അനുവദിക്കുകയും പ്രവൃത്തികൾ എൻ.എച്ച്.എം വഴി പുരോഗമിക്കുകയും ചെയ്യുന്നു.

ആയുഷ് പദ്ധതി പ്രകാരം

| | | | |
|---|---|---|---|
| 1 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, കുന്നത്തുകാൽ | 16,75,938 | പൂർത്തീകരിച്ചു. |
| 2 | ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി, ഒറ്റശേഖര മംഗലം | 18,33,131 | പുരോഗമിക്കുന്നു. |

(ബി) വെള്ളറട, പെരുങ്കടവിള എന്നീ സി.എച്ച്.സി.-കളെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പാറശ്ശാല, പരശ്ശുവയ്ക്കൽ പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(ബി) & (സി) വെള്ളറട സി.എച്ച് .സി, പരശ്ശുവയ്ക്കൽ പി.എച്ച്.സി. എന്നിവയെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ